**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.361.** **30.11.2015 ൽ മറുപടിയ്ക്ക്.**

## വാഹനത്തിരക്കും റോഡിന്റെ ശോചനീയാവസ്ഥയും

| ചോദ്യം<br>ശ്രീ.കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കെ.എസ്.ആർ.റ്റി.സി ബസുകളുടെയും സ്വകാര്യ ബസുകളുടെയും സമയക്രമവും റണ്ണിംഗ് ടൈമും നിശ്ചയിച്ച് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (എ) | കെ.എസ്.ആർ.ടി.സി. ബസുകളുടെയും സ്വകാര്യ ബസുകളുടെയും സമയക്രമവും റണ്ണിംഗ് ടൈമും നിശ്ചയിച്ച് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ ഡി3/875/എസ്.ടി.എ./2005 എന്ന ഉത്തരവ് പ്രകാരമാണ്. താഴെ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡങ്ങളാണ് ബസ്സുകൾക്ക് സമയക്രമം അനുവദിക്കുന്നതിനായി പരിഗണിക്കുന്നത്.<br>1) ഹെവി സവാരി വാഹനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള പരമാവധി വേഗത വാഹനത്തിന്റെ മൂല്യ ഭാരത്തിന്റെ വിവേചനം ഇല്ലാതെ തന്നെ എല്ലാതരം സ്റ്റേജ് ക്യാര്യേജ് വാഹനങ്ങളും നിശ്ചയമായും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.<br>2) യാത്രക്കാരുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകുക. |

| | | | |
|---|---|---|---|
| | | | 3) മിതമായ വേഗതയിൽ സഞ്ചരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>4) വാഹനങ്ങളുടെ സമയക്രമത്തിലുള്ള വ്യത്യാസം ആരോഗ്യകരമല്ലാത്ത മത്സര ഓട്ടത്തിന് കാരണമാകുന്നത് ഒഴിവാക്കുക.<br>5) ഇപ്പോൾ നിലവിലുള്ള സമയ ക്രമം പുനർക്രമീകരിക്കുന്നത് കഴിവതും ഒഴിവാക്കുക. |
| (ബി) | റോഡുകളുടെ ശോചനീയാവസ്ഥ പരിഗണിച്ച് റണ്ണിംഗ് ടൈമിൽ പുനക്രമീകരണം നടത്തി നൽകാറുണ്ടോ ; | (ബി) | ഇല്ല. |
| (സി) | റോഡുകളുടെ ശോചനീയാവസ്ഥയും വാഹനത്തിരക്കും മറ്റും കാരണം സമയ നഷ്ടമുണ്ടാകുന്ന സാഹചര്യത്തിൽ സമയകൃത്യത പാലിക്കുന്നതിനായി ഡ്രൈവർമാർ നടത്തുന്ന മത്സരയോട്ടം അപകടങ്ങൾ ഉണ്ടാക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | സംസ്ഥാനത്തെ കെ.എസ്.ആർ.റ്റി.സി, സ്വകാര്യ ബസുകളുടെ സമയക്രമം, റണ്ണിംഗ് ടൈം എന്നിവ റോഡുകളുടെ ശോചനീയാവസ്ഥ കൂടി കണക്കിലെടുത്ത് പുനക്രമീകരണം നടത്തി നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | 25-06-2015 -ൽ നടന്ന എസ്.റ്റി.എ. തീരുമാനമനുസരിച്ച് ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിസർച്ച് & ഡെവലപ്പ്മെന്റ് ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ.